നയ പരിപാടികളിൽ ഉൾപ്പെടുന്ന 'ഒരു നിയോജക മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക്' എന്ന പദ്ധതിയുടെ നോഡൽ ഏജൻസി സിഡ്കോയാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതോടെ ഇന്നുള്ളതിനേക്കാൾ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്തെ ചെറുകിട യൂണിറ്റുകൾക്ക് ലഭിക്കുമെന്ന് കരുതുന്നു.

കേരളാ ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലെപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര), ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളോടുകൂടി താഴെ പറയുന്ന പാർക്കുകൾ സജ്ജമാക്കുന്നു.

1) ചെറുകിട വ്യവസായ പാർക്ക്, തുമ്പ, തിരുവനന്തപുരം.
2) ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ, എറണാകുളം.
3) ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി, കണ്ണൂർ.
4) ചെറുകിട വ്യവസായ പാർക്ക്, ശീതാർഗോലി, കാസർഗോഡ്.
5) ചെറുകിട വ്യവസായ പാർക്ക്, വയനാട്.

(സി) ഇല്ല.

(ഡി) ചെറുകിട വ്യവസായമേഖലയിലെ പീഡിത യൂണിറ്റുകൾ കണ്ടെത്തി അവ പുനരുദ്ധരിക്കുന്നതിനായി 'സിക്ക്' യൂണിറ്റ് പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ പീഡിത വ്യവസായ യൂണിറ്റുകളായിത്തീർന്നേക്കാവുന്ന യൂണിറ്റുകളെ തിരിച്ചറിഞ്ഞ് അവരുടെ പുനരുദ്ധാരണത്തിന് പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി 1999-2000 വർഷത്തിൽ 15 ലക്ഷം രൂപ പദ്ധതി വിഹിതമായി വകകൊള്ളിച്ചിരിക്കുന്നു.

24 (*141) കാലവർഷക്കെടുതിക്ക് ധനസഹായം

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത കാലത്തുണ്ടായ കാലവർഷംമൂലം എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) ഈ നഷ്ടത്തിന് കേന്ദ്രസഹായം അഭ്യർത്ഥിച്ചിരുന്നുവോ;

(സി) കേന്ദ്രത്തിൽനിന്നും എന്തു തുക സഹായമായി അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) കാലവർഷക്കെടുതിക്ക് ഇരയായവർക്ക് സംസ്ഥാന സർക്കാർ എന്തെല്ലാം സഹായമാണ് നൽകിയത്;

(ഇ) നഷ്ടത്തിന്റെ ജില്ല തിരിച്ചുള്ള കണക്കും നൽകിയ സഹായവും എത്രയെന്ന് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) സംസ്ഥാനത്ത് അടുത്ത കാലത്തുണ്ടായ കാലവർഷംമൂലം 86.24 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ബി)&(സി) 1999-2000 സാമ്പത്തിക വർഷത്തിലേയ്ക്ക് പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധിയായി അനുവദിച്ചിട്ടുള്ള 64.05 കോടി രൂപയ്ക്ക് പുറമെ കൂടുതൽ ധനസഹായത്തിന് അപേക്ഷിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 21-10-1999-ന് അവസാനിച്ച തെക്കു പടിഞ്ഞാറൻ കാലവർഷം മൂലം മരണമടഞ്ഞ മുതിർന്ന ആളുകളുടെ കുടുംബത്തിന് പ്രത്യേക ഉത്തരവ് പ്രകാരം 30,000/- രൂപ വീതം നൽകിയിരുന്നു. 22-10-1999-ന് ആരംഭിച്ച വടക്കുകിഴക്കൻ കാലവർഷത്തെ തുടർന്ന് മരണമടഞ്ഞ മുതിർന്നവരുടെ കുടുംബത്തിന് വ്യവസ്ഥ പ്രകാരം 25,000/- രൂപയാണ് നൽകേണ്ടതെങ്കിലും അവർക്കും 30,000/- രൂപ വീതം നൽകാൻ ഉത്തരവായിട്ടുണ്ട്. മരണമടഞ്ഞ കുട്ടികളുടെ കുടുംബത്തിന് 10,000/-രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. പരിക്കേറ്റവർക്ക് സർക്കാർ ആശുപത്രിക്ക് പുറത്ത് ചികിത്സ ആവശ്യമെങ്കിൽ പരമാവധി 1,500/- രൂപ വരെ ധനസഹായം അനുവദിച്ചിട്ടുണ്ട്. പൂർണ്ണമായി വീട് നശിച്ചവർക്ക് 15,000/- രൂപയും ഭാഗികമായി വീടിന് നാശം സംഭവിച്ചവർക്ക് പരമാവധി 5,000/- രൂപയും അനുവദിച്ചിട്ടുണ്ട്. കൃഷിനാശം സംഭവിച്ചവർക്ക് ധനസഹായം നൽകുന്നതിനായി 330.59874 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ഇ) നാശനഷ്ടത്തിന്റെ കണക്ക് അനുബന്ധം I† ആയും അടിയന്തിര ദുരിതാശ്വാസത്തിനും കൃഷിനാശത്തിനും അനുവദിച്ച തുകയുടെ കണക്ക് അനുബന്ധം II† ആയും വച്ചിരിക്കുന്നു.

25 (*142) കെട്ടിട നിർമ്മാണ ചട്ടങ്ങൾ

ശ്രീ. യു.എസ്. ശശി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. പി.എസ്. സുപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണത്തിനു വേണ്ടിയുള്ള പുതിയ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പുതിയ ഇളവുകളാണ് കെട്ടിടനിർമ്മാണത്തിനുവേണ്ടി അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) അനധികൃത കെട്ടിട നിർമ്മാണം സാധൂകരിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) 1989-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 1-10-1999 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ബി) കെട്ടിടങ്ങൾക്കു ചുറ്റും തുറസ്സായി വിടേണ്ട സ്ഥലം, റോഡിൽ നിന്നുള്ള ദൂരം, കവറേജ്, എഫ്.എ.ആർ., കാർ പാർക്കിംഗ് മുതലായവയ്ക്കും മൂന്ന് സെന്റ് വരെയുള്ള വസ്തുക്കളിൽ കെട്ടിടം നിർമ്മിക്കുന്നതിനും ചെറിയ വീടുകൾ നിർമ്മിക്കുന്നതിനും, നിലവിലുള്ള കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിനും ഇളവുകൾ അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly